**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **07-10-2024 - ൽ മറുപടിയ്ക്ക്**

**മുക്കം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നബാർഡ് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുക്കം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മുക്കം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പതിമൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെട്ടുന്ന പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പദ്ധതി RIDF TRANCHE 30-ൽ ഉൾപ്പെടുത്തുന്നത് പരിഗണിയ്ക്കുന്നതിനായി നബാർഡിന് സമർപ്പിക്കുന്നതിനായി അയച്ചിട്ടുണ്ട് . നബാർഡ് ലഭ്യമാക്കിയിട്ടുള്ള മാർഗനിർദേശ പ്രകാരം പദ്ധതിയുടെ വിശദമായ രൂപരേഖ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പദ്ധതി RIDF TRANCHE 30-ൽ ഉൾപ്പെടുത്തുന്നതിന് നബാർഡ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നത് ഉൾപ്പെടെയുള്ള തുടർനടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ